പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 590

11.06.2013-ലെ
മറുപടിയ്ക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രത്യേക വിജിലൻസ് സെൽ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) | എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സെൽ രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നടപടി നിർദ്ദേശിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ക്രിമിനൽ സ്വഭാവമില്ലാത്ത പരാതികൾ പരിശോധിച്ച് നടപടികൾ നിർദ്ദേശിക്കുക എന്നതാണ് സമിതിയുടെ ചുമതല. ഇതിലൂടെ അഴിമതി തടയാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. |
| സി) | അഴിമതികൾ തടയുന്നതിന് ഇതിന്റെ പ്രവർത്തനം എത്രമാത്രം പ്രയോജനകരമാകും എന്ന് വിശദമാക്കുമോ; | സി) | |
| ഡി) | സെല്ലിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഭരണ തലത്തിൽ എടുക്കാനുദ്ദേശിക്കുന്നത് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ? | ഡി) | വിജിലൻസ് വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വിജിലൻസ് സെൽ രൂപീകരിച്ചത്. ഇവയുടെ മേൽനോട്ടത്തിനായി വ്യവസായ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ